കൈമാറ്റം ചെയ്യേണ്ട ബജറ്റ് വിഹിതവും അതിനുവേണ്ട മാനദണ്ഡങ്ങളും നിർദ്ദേശിക്കുക.

(ബി) ഇല്ല.

(സി) രണ്ടാം ധനകാര്യ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ ഭാഗികമായി അംഗീകരിച്ചിട്ടുണ്ട്.

(ഡി) സർക്കാർ അംഗീകരിച്ചിട്ടുള്ള ശുപാർശകൾ നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ നടപടി സ്വീകരിച്ചുവരുന്നു.

മാള സ്പിന്നിംഗ് മിൽ പ്രവർത്തിപ്പിക്കാൻ നടപടി

35 [972] *ശ്രീ. ടി. യു. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള സ്പിന്നിംഗ് മിൽ പ്രവർത്തിപ്പിക്കുവാൻ ആവശ്യമായ ധനസഹായം അനുവദിക്കുമോ;

(ബി) ഗവൺമെന്റ് 'അതിവേഗം ബഹുദൂരം' പദ്ധതിയിൽ ഉൾപ്പെടുത്തി മാള കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിന് ആവശ്യമായ പ്രവർത്തനമൂലധനം അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) സംസ്ഥാനത്തിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതിയിൽ ധനസഹായം അനുവദിക്കുന്ന കാര്യം പരിഗണനയിലില്ല.

പൊതുമരാമത്ത് പ്രവൃത്തികളുടെ പരിശോധന

36 [973] *ശ്രീ. പി. കെ. കെ. ബാവ:*
„ *പി. കെ. അബ്ദുറബ്ബ്:*
„ *സി. മോയിൻ കുട്ടി:*
„ *കളത്തിൽ അബ്ദുള്ള:*
„ *സി. മമ്മൂട്ടി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് സംബന്ധിച്ച് ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് ടെലിഗ്രാം/അണ്ടർ സർട്ടിഫിക്കറ്റ് ഓഫ് പോസ്റ്റിംഗ്വഴി വിവരങ്ങൾ നൽകുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ബി) ഏതൊക്കെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ 2004-2005-ൽ വിവരങ്ങൾ അറിയിച്ചു;

LIBRARY ARCHIVES Kerala Legislative Assembly